"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്ന പദ്ധതി ബിരുദാനന്തരബിരുദം വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.479/2023/F&P തിരുവനന്തപുരം, 19-06-2023

---

പരാമർശം:- 1. സ.ഉ.(കൈ)നം.20/2018/മതുവ തീയതി:06/07/2018

2. ഫിഷറീസ് ഡയറക്ടറുടെ 27/06/2022-ലെ ഡി.എഫ്.ടി.വി.എം//1274/2020-എൻ.2 നമ്പർ കത്ത്.

**ഉത്തരവ്**

ഓഖി ചുഴലി കാറ്റിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ 318 വിദ്യാർത്ഥികൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ ലക്ഷ്യമിട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1392.82 ലക്ഷം രൂപ പരാമർശ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിരുന്നു.

**2.** ഓഖി ചുഴലി കാറ്റിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്തത് മൂലം അനാഥമാക്കപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായം ബിരുദാനന്തര ബിരുദം വരെ നീട്ടി നൽകുകയാണെങ്കിൽ വിദ്യാർത്ഥികളുടെ ശോഭനമായ ഭാവിക്ക് കൂടുതൽ കരുത്തേകുമെന്നതിനാൽ വിദ്യാഭാസ ധനസഹായം പ്രസ്തുത വിദ്യാർത്ഥികളുടെ ആദ്യ ബിരുദാനന്തര ബിരുദ കോഴ്സുകൾക്കുകൂടി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുവദിച്ച തുക അതേ ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയോടെ, ഓഖി ചുഴലി കാറ്റിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്തത് മൂലം അനാഥമാക്കപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായം പ്രസ്തുത വിദ്യാർത്ഥികളുടെ ആദ്യ ബിരുദാനന്തര ബിരുദ (പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ) കോഴ്സുകൾക്കുകൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യവകുപ്പ് (28/01/2023-ലെ 2320555 FUNDS-1/6/2023 നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ